പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

| നക്ഷത്ര ചിഹ്നമിടാത്തചോദ്യം<br>നം. 5150 | 27/06/2019 ൽ മറുപടി<br>നല്കേണ്ടത്. |
|---|---|

**എഴുമറ്റൂർ സി.എച്ച്.സി. കെട്ടിടനിർമ്മാണം**

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | **ശ്രീ.രാജു എബ്രഹാം** | | **ശ്രീമതി .കെ.കെ. ശൈലജ ടീച്ചർ**<br>(ആരോഗ്യവും സാമൂഹ്യ നീതിയും വനിത -ശിശുവികസനവും വകുപ്പ് മന്ത്രി) |
| എ) | എഴുമറ്റൂർ സി.എച്ച്.സി. യ്ക്ക് പുതിയ കെട്ടിടം നിർമ്മിക്കുന്നതുമായി ബന്ധപ്പെട്ട നടപടികളുടെ നിലവിലെ സ്ഥിതി വ്യക്തമാക്കുമോ; പുതിയ കെട്ടിടത്തിൽ ഉൾപ്പെടുത്തുവാൻ ഉദ്ദേശിച്ചിരിക്കുന്ന സൗകര്യങ്ങൾ വിശദമാക്കുമോ; | എ) | ആർദ്രം II ാം ഘട്ടത്തിൽ കുടുംബാരോഗ്യ കേന്ദ്രമായി ഉയർത്തിയ എഴുമറ്റൂർ സാമൂഹികാരോഗ്യ കേന്ദ്രത്തിന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനായി നബാർഡ് RIDFXXV 2019-2020 പദ്ധതിയിൽ ഉൾപ്പെടുത്തി ഭരണാനുമതി ലഭ്യമാക്കുന്നതിനായി PWD ചീഫ് എഞ്ചിനീയർ price software ൽ തയ്യാറാക്കി സമർപ്പിച്ച 22 കോടി രൂപയുടെ പ്രൊപ്പോസൽ സർക്കാരിൽ പരിശോധന യിലാണ്.രണ്ട് ബേസ് മെന്റ് ഫ്ളോറും 6 നിലകളും ഉൾപ്പെടെ ആകെ 8 നിലയുള്ള കെട്ടിടമാണ് പ്രൊപ്പോസലിൽ വിഭാവനം ചെയ്തിരിക്കുന്നത്. ഐ.പി സെക്ഷനുകളും, സ്പെഷ്യാലിറ്റി യൂണിറ്റുകളും, ഓപ്പറേഷൻ തിയേറ്ററുകളും ICU അടക്കമുള്ള ചികിത്സാ സൗകര്യങ്ങളും, ലിഫ്റ്റ്, ജനറേറ്റർ, ഫയർ ഫൈറ്റിംഗ്, മഴവെള്ള സംഭരണി ഉൾപ്പെടെയുള്ള ഭൗതിക സൗകര്യങ്ങളും നിലവിൽ തയ്യാറാക്കി സമർപ്പിച്ചിരിക്കുന്ന പ്ലാനിലും പ്രൊപ്പോസലിലും ഉൾപ്പെടുത്തിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| ബി) | നിർദിഷ്ട കെട്ടിടത്തിന്റെ പ്രതീക്ഷിത നിർമ്മാണച്ചെലവ് എത്രയാണ്; ആർക്കാണ് നിർമ്മാണച്ചുമതല നല്കിയിരിക്കുന്നതെന്നും കെട്ടിടനിർമ്മാണം എന്നത്തേയ്ക്ക് ആരംഭിക്കുവാൻ സാധിക്കുമെന്നും വ്യക്തമാക്കുമോ? | ബി) | നിർദിഷ്ട കെട്ടിടത്തിന് 22 കോടി രൂപയാണ് നിർമ്മാണച്ചെലവ് പ്രതീക്ഷിക്കുന്നത്. ഭരണാനുമതിയും സാങ്കേതിക അനുമതിയും നൽകുന്ന മുറയ്ക്ക് ടെണ്ടർ നടപടികൾ പൂർത്തീകരിച്ച് നിർമ്മാണ പ്രവർത്തി ആരംഭിക്കുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. |

സെക്ഷൻ ഓഫീസർ